ശ്രീ. കെ. ടി. അച്യുതൻ: അതു കൊണ്ടു കാലതാമസം ഉണ്ടാകാനിടയില്ല. അടിയന്തിരാവസ്ഥ വന്നതുകൊണ്ടു അല്പം സാവകാശത്തോടുകൂടിയേ മുന്നോട്ടു പോകാൻ നിവൃത്തിയുള്ളൂ.

Mr. Speaker: Question Nos. 9 and 10: Identical questions have been answered already.

ഫിഷിംഗ് ഹാർബർ.

* 706. [11] ശ്രീ. പി. കെ. അബ്ദുൽ ഖാദർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കോട് ഫിഷിംഗ് ഹാർബറായി ഉയർത്തുന്നതിലേക്ക് എന്തെല്ലാം പ്രവർത്തനങ്ങൾ ഇന്നുവരെ എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത ആവശ്യത്തിലേക്ക് ഇന്നുവരെ എത്ര സംഖ്യ ചെലവു ചെയ്തിട്ടുണ്ട്?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) അഴീക്കോട് ഇന്നുള്ള ബോട്ടു ബേസിനും ജട്ടിയും കൂടാതെ പുതിയതായി ഒരു ബോട്ടുബേസിനും ഒരു ജട്ടിയും ഒരു വർക്ക്ഷാപ്പും പണിയുന്നുണ്ട്. മുനമ്പംപൊഴിക്കുടി അഴീക്കോട് ഹാർബറിനോടു ചേർത്തു വികസിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതിനു വേണ്ട പരിശോധനകളും കഴിഞ്ഞു.

(ബി) 31-12-1963 വരെ 15,887 രൂപ ചെലവുചെയ്തു.

ശ്രീ. കെ. സി. ഏബ്രഹാം: മത്സ്യത്തൊഴിലാളികളുടെ കേന്ദ്രവും, സകലവിധ സൗകര്യങ്ങളുള്ളതുമായ മുനമ്പത്തു്, ഒരു ഫിഷിംഗ് ഹാർബർ വേണമെന്നും സകലവിധ സാദ്ധ്യതകളും അവിടെ ഉണ്ടെന്നും ഫിഷറീസ് ഡയറക്ടർതന്നെ പുറപ്പെടുവിച്ചിട്ടുള്ള ഒരു പ്രസ്താവന ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കുഞ്ഞമ്പു: ഫീഷറീസ് ഡയറക്ടർ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. അവിടെ ഒരു ഹാർബർ ഉണ്ടാക്കുന്നതിനെ സംബന്ധിച്ചു കേന്ദ്രത്തിൽനിന്നും ഫിഷറീസ് വിദഗ്ദ്ധന്മാർ വന്നിരുന്നു. അവർ ചില പരിശോധനകളും നടത്തിയിരുന്നു. അതു പ്രകൃത്യാതന്നെ ഫിഷിംഗ് ഹാർബറിനു പറ്റിയ സ്ഥലമല്ലാ എന്നാണു് അവരുടെ അഭിപ്രായം.

ശ്രീ. എം. നാരായണക്കുറുപ്പ്: ഫിഷിംഗ് ഹാർബർ ആരുടെ കീഴിലാണു്. ഫിഷറീസ് ഡയറക്ടറുടെ കീഴിലാണോ. ഡിസ്ട്രിക്ടു ഡെവലപ്പ്മെൻറു കൗൺസിലിൽ ഞങ്ങൾ ഏതെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ടാൽ അതു തിരുവനന്തപുരത്തുനിന്നാണു വരേണ്ടതു് എന്നുപറഞ്ഞു ഞങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ കിട്ടുന്നില്ല. ഈ ഫിഷിംഗ് ഹാർബറിന്റെ നടത്തിപ്പു് ഡയറക്ടറുടെ കീഴിലാണോ, ജോയിൻറു ഡയറക്ടറുടെ കീഴിലാണോ? ഈ ജില്ലാ വികസനകൗൺസിൽ ചെയർമാൻ ആവശ്യപ്പെടുന്ന വിവരങ്ങൾ അയച്ചുകൊടുത്തു കൗൺസിൽ മെമ്പറന്മാരെ അറിയിക്കാൻ വേണ്ട ഏർപ്പാടെങ്കിലും ചെയ്യുമോ?

ശ്രീ. കെ. കുഞ്ഞമ്പു: ഫിഷറീസ് ഡയറക്ടറുടെ കീഴിലാണു്: ഡി. സി. സി. ആവശ്യപ്പെട്ടിട്ട വിവരങ്ങൾ കൊടുത്തിട്ടില്ലാ എന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല. വിവരങ്ങൾ നൽകാൻ ഫിഷറീസ് ഡയറക്ടറെ നിർദ്ദേശം നൽകാം.

ശ്രീമതി എ. നഫീസത്തു ബീവി: മത്സ്യത്തൊഴിലാളികളുടെ കേന്ദ്രമായ ആലപ്പുഴ, തോട്ടപ്പള്ളി, പുന്നപ്ര മുതലായ സ്ഥലങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ സൗകര്യത്തിനായി ആലപ്പുഴെ ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതിനു സർക്കാരിൽനിന്നും വേണ്ട നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കുഞ്ഞമ്പു : ആലപ്പുഴ, ഫിഷിംഗ് ഹാർബർ ഉണ്ടാക്കുന്നതിനു പറ്റിയ സ്ഥലമല്ല. എന്നാൽ അവിടെ ഒരു പൈസ്പ്ലാൻറിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. കെ. ആർ. വിജയൻ : ഇരുന്നൂറിൽപരം ബോട്ടുകളിൽക്കൂടി പിടിക്കുന്ന മത്സ്യം കൊച്ചിയിൽ എത്തിക്കുന്നതിനുള്ള യാത്രാസൗകര്യവും മറ്റും നോക്കുമ്പോൾ മുനമ്പത്തു ഒരു ഫിഷിംഗ് ഹാർബർ സ്ഥാപിക്കുന്നതാണു കൂടുതൽ സൗകര്യമെന്നുള്ളതുകൊണ്ട് മുൻതീരുമാനം ഒന്നു പുനഃപരിശോധന ചെയ്യാൻ വേണ്ട നടപടിയെടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : പുനഃപരിശോധിക്കാം.

പ്ലാൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ.

* 707. [12] ശ്രീ. പി. എസ്. കാത്തികേയൻ†: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസനപ്രവർത്തനങ്ങൾ ശരിയായും ചിട്ടയായും നടത്തുന്നതിനു പഞ്ചായത്തുകൾതോറും ഓരോ പ്ലാൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റികൾ രൂപീകരിക്കുവാൻ ഗവണ്മെന്റു ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ കമ്മിറ്റിയുടെ ഘടന ഏതു രീതിയിലായിരിക്കും;

(സി) എന്നേയ്ക്കു അങ്ങനെയുള്ള കമ്മിറ്റികൾ രൂപീകരിച്ചു പ്രവർത്തനം തുടങ്ങും?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) അങ്ങനെയുള്ള ഒരു നിർദ്ദേശം ഉള്ളതായി അറിവില്ല.

(ബി,സി) ചോദ്യം ഉദിക്കുന്നില്ല.

എൻ. ഇ. എസ്സ്. ബ്ലോക്കുകളിലുള്ള ഗ്രാമസേവകരുടെയും എക്സ്റ്റൻഷൻ ഓഫീസറന്മാരുടേയും ജോലികൾ.

* 708. [13] ശ്രീ. എം. എം. മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻ. ഇ. എസ്സ്. ബ്ലോക്കുകളിലുള്ള ഗ്രാമസേവകരുടേയും എക്സ്റ്റൻഷൻ ഓഫീസറന്മാരുടെയും ജോലികൾ എന്തൊക്കെയാണു;

(ബി) ഇവർ ജോലി കൃത്യമായി ചെയ്യുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനു വല്ല ഏർപ്പാടുമുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു ഏർപ്പാടുകളാണു ചെയ്തിട്ടുള്ളതു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ) :

(എ) സാമൂഹ്യവികസന പരിപാടിയിൽ ഉൾക്കൊള്ളുന്ന വിവിധ വിഷയങ്ങളെക്കുറിച്ചു ഗ്രാമീണജനങ്ങളുടെ ഇടയിൽ സാങ്കേതികവിജ്ഞാനം ഉളവാക്കുകയും വികസനപരിപാടികളുടെ നടത്തിപ്പിൽ ജനങ്ങളുമായി സഹകരിച്ചു പ്രവർത്തിക്കുകയുമാണു് ഗ്രാമസേവകരുടേയും എക്സ്റ്റൻഷൻ ആഫീസർമാരുടേയും ജോലികൾ.

(ബി, സി) ബ്ലോക്കു് ഡെവലപ്പ്മെൻറ് ആഫീസർ, വനവ്യവസായ ഡിവിഷനൽ ആഫീസർ, കളക്ടറേറ്റ് എന്നീ വികസനവകുപ്പു ഉദ്യോഗസ്ഥന്മാരും, ഡിസ്ട്രിക്ടു ആഫീസർമാർ തുടങ്ങിയുള്ള സാങ്കേതികവകുപ്പു ഉദ്യോഗസ്ഥന്മാരും, ഗ്രാമസേവകരുടെയും, എക്സ്റ്റൻഷൻ ഓഫീസറന്മാരുടെയും ജോലികൾ പരിശോധിക്കുന്നുണ്ടു്.

† Put by Shri P. Madhavan

LIBRARY ARCHIVES Kerala Legislative Assembly